**കൈലാസ് മാനസരോവർ യാത്രയ്ക്കുള്ള യാത്രികരെ തെരഞ്ഞെടുക്കൽ -2014**

ഏപ്രിൽ 30, 2014

കേന്ദ്ര വിദേശകാര്യ വകുപ്പു എല്ലാ വർഷവും സംഘടിപ്പിക്കുന്ന കൈലാസ് മാനസരോവർ യാത്രയിൽ 2014 നുള്ള യാത്രക്കാരെ തെരഞ്ഞെടുക്കൽ ഏപ്രിൽ 30 നു നടന്നു. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള നറുക്കെടുപ്പ് ചടങ്ങിൽ കേന്ദ്ര വിദേശകാര്യ വകുപ്പ് സെക്രട്ടറി ശ്രീമതി സുജാത സിംഗ് ആധ്യക്ഷ്യം വഹിച്ചു. അറുപതു യാത്രക്കാർ അടങ്ങുന്ന പതിനെട്ടു സംഘങ്ങൾ ആയി ഏറ്റവും കൂടിയത് ആയിരത്തി എൺപത് യാത്രക്കാരെ ആണ് തെരഞ്ഞെടുത്തത് . ജൂണിനും സെപ്തംബറിനും ഇടയിൽ യാത്ര ആരംഭിക്കും. യാത്രയുടെ ചില പ്രക്രിയകൾക്ക് വേണ്ടി മൂന്നു ദിവസം ഡൽഹിയില് ചെലവിടുന്ന ദിവസങ്ങൾക്കു പുറമേ ഓരോ സംഘവും 22 ദിവസം കൊണ്ട് യാത്ര പൂർത്തിയാക്കും . യാത്ര - 2014 ജൂൺ 12 നു ആരംഭിച്ച് സെപ്തംബർ ഒൻപതിനു അവസാന സംഘം യാത്രക്കാർ ഡൽഹിയിലേക്കു എത്തുന്നതോടെ യാത്ര അവസാനിക്കും.

ഇന്ത്യയും ഉഭയകക്ഷി ക്രമീകരണങ്ങൾക്ക് കീഴില് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന ഗവൺമെന്റുമായി അടുത്ത് സഹകരിച്ച് ആയിരത്തി തൊള്ളായിരത്തി എൺപത്തി ഒന്നു (1981) മുതൽ ഇന്ത്യ ഗവൺമെന്റ് യാത്ര സംഘടിപ്പിച്ചു വരുന്നു . യാത്ര , ഇന്ത്യയും ചൈനയും തമ്മിലുള്ള സഹകരണത്തിന്റെ അടയാളം ആണെന്നും ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ കൂടുതല് ആഴമുല്ലതാക്കാന് യാത്ര സംഭാവനകൾ ചെയ്യുമെന്നും നറുക്കെടുപ്പിന് ശേഷം

മാധ്യമങ്ങളെ അഭിസംബോധന ചെയ്തു വിദേശകാര്യ സെക്രട്ടറി പറഞ്ഞു .

യാത്ര ഉത്തരാഖണ്ഡ് സംസ്ഥാനത്തിലൂടെ കടന്നു ലിപുലേഖ് പാസ്സ് വഴി തിബറ്റിനു സ്വയംഭാരണാവകാശമുള്ള മേഖലയിൽ എത്തും . യാത്രയുടെ ഭാഗമായി യാത്രക്കാർ അനവധി മതപരമായതും വിനോദസഞ്ചാരപ്രാധാന്യമുള്ളതുമായ പ്രദേശങ്ങൾ കടന്നാണ് പോകുക .

മെഡിക്കല് സൌകര്യം, ഇന്ത്യൻ ഭാഗത്തുള്ള ലിപുലേഖ് പാസ് വരെ അകമ്പടിയും സുരക്ഷയും , എല്ലാ യാത്രക്കാരുടെ സംഘങ്ങൾക്കും യാത്രയിൽ ഉടനീളം അടിയന്തിര ഘട്ടത്തില് ഉപഗ്രഹ ഫോൺ (satellite phone) ഉപയോഗിക്കാനുള്ള സൌകര്യം തുടങ്ങി വിവിധ സൌകര്യങ്ങൾ മറ്റുള്ളവർക്കൊപ്പം യാത്രികർക്കായി ഇന്ത്യ ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. യാത്രികരുടെ ക്ഷേമത്തിന്റെ മേൽനോട്ടത്തിനായി ഒരു ഉദ്യോഗസ്ഥനെ ഓരോ യാത്രികരുടെ സംഘത്തിനുമൊപ്പം ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്.

ന്യൂഡെൽഹി
ഏപ്രിൽ 30, 2014